പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 2935

10.5.2017 ൽ മറുപടി നൽകിയിരുന്നത്
പൂർണ്ണ മറുപടി

**പോലീസ് സ്റ്റേഷനുകളിലെ ചോദ്യം ചെയ്യൽമുറി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| ബി) ഈ മുറികളിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്നും കേസ്സുകൾ തെളിയിക്കുന്ന കാര്യത്തിൽ ഈ മുറികൾ എത്രമാത്രം സഹായകരമാണെന്നും വ്യക്തമാക്കാമോ; | (ബി) പ്രതികളെയും കുറ്റാരോപിതരേയും സാക്ഷികളെയും ശാസ്ത്രീയമായി ചോദ്യം ചെയ്യുന്നതിനുവേണ്ട എല്ലാവിധ സാങ്കേതിക ഉപകരണങ്ങളുമാണ് ഈ മുറിയിൽ ഘടിപ്പിച്ചിട്ടുള്ളത്. ചോദ്യം ചെയ്യുന്നതിന്റെ വീഡിയോയും ഓഡിയോയും റിക്കാർഡ് ചെയ്യുവാനും തത്സമയം തന്നെ പരിശോധിക്കുവാനും വിശകലനം ചെയ്യുവാനും സാധിക്കും. പ്രതിയെ ചോദ്യം ചെയ്യുന്ന ആൾക്ക് നിരീക്ഷണ റൂമിൽ നിന്നും മറ്റ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ പ്രതി അറിയാതെ തന്നെ നൽകുവാൻ കഴിയുന്ന സംവിധാനവും ടി റൂമിൽ ഉണ്ട്. Interrogation Room-നെ ഒരു One side Mirror മായി വേർതിരിച്ചിട്ടുണ്ട്. മോണിറ്ററിംഗ് റൂമിലിരിക്കുന്ന ഉദ്യോഗസ്ഥർക്ക് ഈ ഗ്ലാസിലൂടെ പ്രതിയെ കാണാൻ കഴിയുമെങ്കിലും തിരിച്ച് പ്രതിക്ക് മോണിറ്ററിംഗ് റൂമിലുള്ളവരെ കാണാൻ കഴിയില്ല. ശീതീകരണ സംവിധാനമുള്ള ടി റൂമിൽ ആധുനിക High Resolution Monitor, SMP & 4 MP Mega Pixel Cameras, Laptop, High Sensitive Mic, Sound Mixer, Amplifier, High Quality Headphones, 2TB Hard Disk (Keeping backup data), Digital Sound Recorder, 1 KV UPS, furniture മുതലായവ നൽകിയിട്ടുണ്ട്. |
| സി) ഏതെല്ലാം കേസ്സുകൾ തെളിയിക്കുന്ന കാര്യത്തിൽ ഇതുവരെ ഈ മുറികൾ ഏതെല്ലാം രീതിയിൽ പങ്ക് വഹിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) തിരുവനന്തപുരം സിറ്റി പോലീസ് കൺട്രോൾ റൂമിൽ ആധുനിക രീതിയിലുള്ള ചോദ്യം ചെയ്യൽ മുറി 18.03.2017 മുതൽ പ്രവർത്തന സജ്ജമാകുകയും ടി മുറിയിൽ വച്ച് മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം 565/17-ാം നമ്പർ കൊലപാതക കേസിലെ പ്രതിയെ ചോദ്യം ചെയ്യുകയും അവ വിശകലനം ചെയ്യുകയും ചെയ്തിട്ടുള്ളതും പ്രസ്തുത കേസിന്റെ അന്വേഷണത്തിന് വളരെയധികം സഹായകരമായിരുന്നു. |

സെക്ഷൻ ഓഫീസർ